പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1273 30/01/2018 ൽ മറുപടിയ്ക്ക്

## സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ.വി.ടി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത മാന്വൽ പ്രകാരം കലോത്സവ വിധികർത്താക്കളെ നിയമിക്കുന്നതിൽ കർശന നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. തുടർച്ചയായി 2 വർഷം വിധികർത്താക്കളായി വരുന്നവരെ ഒഴിവാക്കുന്നതും, ജില്ലയിൽ ഒരേ ഇനത്തിൽ വിധികർത്താക്കളായവരെ അതേ ഇനത്തിൽ സംസ്ഥാന തലത്തിൽ വിധികർത്താവായി തെരഞ്ഞെടുക്കാൻ പാടില്ല എന്ന നിബന്ധനയും ഉൾപ്പെടുത്തി. വിധികർത്താക്കൾക്ക് ഈ വർഷം മുതൽ ഫോട്ടോ ഐഡന്റിറ്റി നിർബന്ധമാക്കി. |
| (ബി) | വിധി നിർണ്ണയത്തെപ്പറ്റി വ്യാപക പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നിരീക്ഷണം ഏർപ്പെടുത്തിയിരുന്നോ; ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയിരുന്നോ; | (ബി) | ഏർപ്പെടുത്തിയിരുന്നു. ക്രമക്കേട് സംബന്ധിച്ച റിപ്പോർട്ട് ഒന്നും ലഭിച്ചിട്ടില്ല. |
| (സി) | സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പേരിൽ വ്യാജ അപ്പീലുകൾ നിർമ്മിച്ചവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. |
| (ഡി) | സ്കൂൾ കലോത്സവ മാന്വൽ സമഗ്ര പരിഷ്കരണത്തിന് ശേഷവും അപ്പീലുകൾ കുറയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മാന്വൽ വീണ്ടും പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വിദ്യാർത്ഥികൾ അപ്പീലിൽ കൂടി പങ്കെടുക്കുന്നത് കലോത്സവത്തിന്റെ സമയക്രമം തെറ്റിക്കുന്നതിനാൽ ഇതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും അർഹതപ്പെട്ട കുട്ടികളുടെ അവകാശം സംരക്ഷിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ശാസ്ത്രീയമായ മാന്വൽ പരിഷ്കരണത്തിലൂടെ അപ്പീലുകളുടെ എണ്ണം കുറയ്ക്കാൻ ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ